بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# Khutba Khulasa 01-11-2024 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം**

## തിരുനബി ചരിത്രം : ബനൂ ഖുറൈസ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَ أَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ۔ أَمَّا بَعْدُ

فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

الْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝ الرَّحْمٰنِ الرَّحِيْمِ ۝ مٰلِكِ يَوْمِ الدِّيْنِ ۝ إِيَّاكَ نَعْبُدُ وَ إِيَّاكَ نَسْتَعِيْنُ ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിന് ശേഷം ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹ് പറഞ്ഞു:

ബനൂ ഖുറൈസ യുദ്ധത്തിന്റെ കൂടുതൽ വിശദീകരണങ്ങൾ ഇപ്രകാരമാണ്. ഇതിൽ ശഹീദായ മുസ്‌ലിങ്ങളെ സംബന്ധിച്ച് എഴുതുന്നു, ഈ യുദ്ധത്തിൽ രണ്ട് മുസ്‌ലിങ്ങൾ ഹദ്റത്ത് ഖല്ലാദ് ബിൻ സുവൈദും ഹദ്റത്ത് മുൻസിർ ബിൻ മുഹമ്മദുമാണ് ശഹീദായത്. കൊല്ലപ്പെട്ട ബനൂ ഖുറൈസയിലെ യഹൂദികളുടെ എണ്ണത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. വ്യത്യസ്ത നിവേദനങ്ങളിൽ അവരുടെ എണ്ണം അറുന്നൂറ് മുതൽ തൊള്ളായിരം വരെ കാണുന്നുണ്ട്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് തന്റെ ഗവേഷണമനുസരിച്ച് എഴുതുന്നു. ഏകദേശം നാനൂറ് പേരാണ് അന്നത്തെ ദിവസം സഅദിന്റെ തീരുമാനപ്രകാരം വധിക്കപ്പെട്ടത്. നബി(സ) സഹാബാക്കൾക്ക് നൽകിയ കൽപ്പന പ്രകാരം കൊല്ലപ്പെട്ട ഈ ആളുകളെ സ്വന്തം സംവിധാനത്തിൽ മറവ് ചെയ്യുകയുണ്ടായി. ഇസ്‌ലാം വിരോധികൾ അതിശയോക്തിയുടെ പരമസീമയിലെത്തി ഇവരുടെ എണ്ണം വിവരിക്കുകയും ഇസ്‌ലാമിനെ അക്രമത്തിന്റെ മതമായി ചിത്രീകരിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

ഒരു അഹ്മദി സ്കോളർ സയ്യിദ് ബർക്കാത്ത് സാഹിബ് തന്റെ തിരുനബി(സ)ഉം യഹൂദികളും ഹിജാസിൽ എന്ന പുസ്തകത്തിൽ എഴുതുന്നു, എല്ലാ നിവേദനങ്ങളെയും കണ്ണടച്ച് അംഗീകരിക്കുന്നത് യുക്തിസഹമല്ല. ഈ നിവേദനങ്ങളിൽ അതിശയോക്തി അധികമായി കലർത്തിയിട്ടുണ്ടോയെന്നും നോക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന്റെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ബനൂ ഖുറൈസ യുദ്ധത്തിൽ കൊല്ലപ്പെട്ട യഹൂദികളുടെ എണ്ണം ഇരുപതിൽ കൂടുതൽ ഇല്ല. ഇദ്ദേഹം എണ്ണം ഗണ്യമായി കുറച്ചിരിക്കുന്നു. പക്ഷെ ചില കാര്യങ്ങൾ ഏതായാലും യുക്തിസഹവുമാണ്. ഗവേഷണത്തിൽ അക്കാര്യങ്ങൾ അടിസ്ഥാനമാക്കാവുന്നതുമാണ്.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ), ബനൂ ഖുറൈസ യുദ്ധത്തിൽ വധിക്കപ്പെട്ട യഹൂദികളുടെ എണ്ണത്തെ സംബന്ധിച്ച അമുസ്‌ലിം ചരിത്രകാരന്മാരുടെ ആക്ഷേപങ്ങൾക്കുള്ള മറുപടിയിൽ പറയുന്നു: ബനൂ ഖുറൈസ സംഭവത്തെ സംബന്ധിച്ച് ചില അമുസ്‌ലിം ചരിത്രകാരന്മാർ വളരെ മോശമായ രീതിയിൽ തിരുനബി(സ)നെതിരിൽ ആക്രമണം നടത്തിയിട്ടുണ്ട്. ഏകദേശം നാനൂറ് യഹൂദികൾക്ക് വധശിക്ഷ നൽകിയതിന്റെ പേരിൽ തിരുനബി(സ)യെ നഊദുബില്ലാഹ് അക്രമോൽസുകനായ ഭരണാധികാരിയായി ചിത്രീകരിക്കാൻ ശ്രമിക്കുന്നു. ഈ ആരോപണത്തിന്റെ അടിസ്ഥാനം മതപരമായ പക്ഷപാതമാണ്. ചില മുസ്‌ലിങ്ങളും അവരുടെ സ്വാധീനത്തിൽ അകപ്പെട്ടിട്ടുണ്ട്.

ഈ ആരോപണത്തിനുള്ള മറുപടിയിൽ ഓർക്കേണ്ട സംഗതി; ഒന്ന്, ബനൂ ഖുറൈസയെ സംബന്ധിച്ചുള്ള തീരുമാനം അക്രമപരമാണ് എന്ന് പറയപ്പെടുന്നു. ഈ തീരുമാനം സഅദിബ്നു മുആദിന്റേതാണ്. ഒരിക്കലും തിരുനബി(സ)ന്റെതല്ലായിരുന്നു. അത് തിരുനബി(സ)യുടെ തീരുമാനമല്ലാതിരിക്കെ അത് കാരണം തിരുനബി (സ)ക്കുമേൽ ആരോപണവും ഉന്നയിക്കപ്പെടാവതല്ല. രണ്ട്, ഇത് അന്നത്തെ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഒരിക്കലും തെറ്റായതോ അക്രമപരമോ ആയ തീരുമാനമല്ലായിരുന്നു. മൂന്ന്, സഅദ് തന്റെ തീരുമാനം വിളംബരപ്പെടുത്തുന്നതിന് മുൻപേ നബി (സ) മായി ചെയ്ത ഉടമ്പടിയനുസരിച്ച് തിരുനബി(സ)വും അതനുസരിച്ചു പ്രവർത്തിക്കാൻ നിർബന്ധിതനായിരുന്നു. നാല്, കുറ്റവാളികൾ ആ തീരുമാനം സ്വീകരിച്ചു. അതിൽ ആരോപണമുന്നയിക്കുകയും ചെയ്തിട്ടില്ല. അത്ദൈവികവിധിയാണെന്ന് അവർ കരുതി. ഹുയ്യ് ബിൻ അഖ്ത്തബ് വധിക്കപ്പെടുന്ന സമയത്ത് പറഞ്ഞ വാക്കുകളിൽ നിന്ന് അത് പ്രകടവുമാണ്. എന്നിരിക്കെ, കാരണമേതുമില്ലാതെ തിരുനബി(സ)ക്ക് അതിൽ ഇടപെടേണ്ട ഒരു കാര്യമില്ലായിരുന്നു. സഅദിന്റെ തീരുമാനത്തിന് ശേഷം ഇക്കാര്യത്തിൽ തന്റെ ഭരണസംവിധാനത്തിനുകീഴിൽ പ്രസ്തുതതീരുമാനം ഏറ്റവും നല്ല രീതിയിൽ നടപ്പാക്കുക മാത്രമായിരുന്നു ചെയ്യേണ്ടിയിരുന്നത്. അത് നടപ്പാക്കിയതിലും തിരുനബി(സ)യുടെ ഉന്നതമായ കാരുണ്യത്തിന്റെ മാതൃകയായാണ് കാണപ്പെടുന്നത്. ചുരുക്കത്തിൽ, ബനൂ ഖുറൈസ സംഭവത്തെ സംബന്ധിച്ചിടത്തോളം തിരുനബി(സ)ക്കുമേൽ ഒരിക്ക

ലും ഒരു ആക്ഷേപത്തിനും പ്രസക്തിയില്ല. മാത്രമല്ല, ഈ സംഭവം തിരുനബി(സ)യുടെ ഉന്നതസ്വഭാവത്തിന്റെയും മഹത്തായ സംവിധാനത്തിന്റെയും നബി(സ)യുടെ നൈസർഗികമായ കാരുണ്യത്തിന്റെയും നിദാന്ത ദർശനം കൂടിയാണ് വെളിപ്പെടുത്തുന്നത്.

ഇനിയുള്ളത് യഥാർത്ഥ തീരുമാനത്തിന്റെ പ്രശ്നമാണ്. ചരിത്രം നമുക്ക് മനസിലാക്കിത്തരുന്നത് തുടക്കത്തിൽ നബി(സ) മദീനയിൽ എത്തിയപ്പോൾ മദീനയിൽ ഉണ്ടായിരുന്ന മൂന്ന് യഹൂദഗോത്രങ്ങളായ ബനൂ ഖൈൻഖാഅ്, ബനൂ നദീർ, ബനൂ ഖുറൈസ എന്നിവരുമായി നബി(സ) ചെയ്ത സമാധാനഉടമ്പടിയിലെ നിബന്ധനകൾ ഇപ്രകാരമായിരുന്നു: മുസ്ലിങ്ങളും യഹൂദികളും സമാധാനപൂർവ്വം മദീനയിൽ വസിക്കുന്നതും പരസ്പരം സൗഹൃദബന്ധം ഉണ്ടായിരിക്കുന്നതുമാണ്. പരസ്പരമുള്ള ശത്രുക്കൾക്ക് ഒരു തരത്തിലുള്ള സഹായവും ചെയ്യുന്നതോ അത്തരം ശത്രുക്കളുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതോ അല്ല. പുറത്തുനിന്നുള്ള ഏതെങ്കിലും ഗോത്രമോ ഗോത്രങ്ങളോ മദീനയെ അക്രമിക്കുകയാണെങ്കിൽ എല്ലാവരും ഒന്നിച്ചുനിന്ന് അതിനെ നേരിടുന്നതാണ്. ഉടമ്പടി ചെയ്യുന്നവരിൽ ഏതെങ്കിലും വ്യക്തിയോ സമൂഹമോ ഈ ഉടമ്പടി ലംഘിക്കുകയോ കുഴപ്പങ്ങൾക്ക് കാരണക്കാരാവുകയോ ചെയ്യുകയാണെങ്കിൽ മറ്റുള്ളവർക്ക് അവർക്കെതിരിൽ കയ്യുയർത്താൻ അവകാശമുണ്ടായിരിക്കും. എല്ലാത്തരം അഭിപ്രായഭിന്നതകളും തർക്കങ്ങളും മുഹമ്മദ്(സ)ക്കു മുന്നിൽ സമർപ്പിക്കപ്പെടുന്നതാണ്. തിരുനബി(സ)യുടെ തീരുമാനം എല്ലാവരെയും സംബന്ധിച്ചിടത്തോളം പ്രാവർത്തികമാക്കാൻ നിർബന്ധവുമായിരിക്കും. പക്ഷെ, ഓരോ വ്യക്തിക്കും ഓരോ ജനതക്കും അവരുടെ മതവും ന്യായപ്രമാണവും അനുസരിച്ചായിരിക്കും തീരുമാനമെടുക്കുക.

ഈ ഉടമ്പടിക്ക് ശേഷം ഏറ്റവുമാദ്യം ബനൂ ഖൈൻഖാഅ് ഗോത്രം വിശ്വാസവഞ്ചന കാണിച്ചു, മുസ്ലിങ്ങളുമായി യുദ്ധത്തിന് ആരംഭം കുറിച്ചു. എന്നാൽ അവർ മുസ്ലിങ്ങൾക്കുമുന്നിൽ പരാജിതരായപ്പോൾ നബി(സ) അവർക്ക് മാപ്പ് കൊടുത്തു. പിന്നെ നാട്ടിൽ സമാധാനം നഷ്ടപ്പെടാതിരിക്കാൻ അവരെ നാടുകടത്തുക മാത്രമാണ് ചെയ്തത്. കൂടുതൽ സമയം കഴിയുന്നതിന് മുൻപേ മറ്റൊരു യഹൂദി ഗോത്രമായ ബനൂ നദീറും തലപൊക്കാൻ തുടങ്ങി. ഏറ്റവുമാദ്യം അവരുടെ ഒരു നേതാവായ കഅബ് ബിൻ അഷ്റഫ് ഉടമ്പടി ലംഘിച്ചുകൊണ്ട് ഖുറൈശികളുമായും മറ്റ് അറേബ്യൻ ഗോത്രങ്ങളുമായും ചേർന്ന് മുസ്ലിങ്ങൾക്കെതിരിൽ ഗൂഢാലോചന തുടങ്ങി. അവസാനം നബി(സ)നെ വധിക്കാനും ഗൂഢാലോചന നടത്തി. അവരുടെ ഈ കൊലപാതകശ്രമത്തെ സംബന്ധിച്ച് അറിഞ്ഞപ്പോൾ നബി(സ) അവർക്ക് മുന്നറിയിപ്പ് കൊടുക്കുകയും ശിക്ഷയുടെ മാർഗം അവലംബിക്കുകയും ചെയ്തു. അപ്പോൾ അവർ ഗർവിഷ്ഠരായി മുസ്ലിങ്ങൾക്കെതിരിൽ യുദ്ധം ചെയ്യാൻ തയ്യാറായി. ഈ യുദ്ധത്തിൽ ബനൂ ഖുറൈസ അവരെ സഹായിച്ചു. പക്ഷെ ബനൂ നദീർ പരാജയപ്പെട്ടു. ബനൂ നദീർ പരാജയപ്പെട്ടപ്പോൾ നബി(സ) ബനൂ ഖുറൈസക്ക് മാപ്പുകൊടുക്കുകയും ബനൂ നദീറിന് മദീനയിൽ നിന്ന് സമാധാനപൂർവ്വം പുറത്തേക്കു പോകാൻ അനുമതി നൽകുകയും ചെയ്തു. അതേ സമയം, തിരുനബി(സ)യുടെ ഈ ഔദാര്യത്തിന് പകരമായി ബനൂ നദീർ മദീനക്ക് പുറത്തുപോയി വിവിധ അറേബ്യൻ ഗോത്രങ്ങളെ ഭയാനകമായ നിലയിൽ പ്രകോപിതരാക്കി അക്രമാസക്തരായ സൈന്യവുമായി മദീനയെ ആക്രമിക്കുവാൻ വരികയാണ് ചെയ്തത്. ഇസ്ലാമിനെ നാമാവശേഷമാക്കുന്നതു വരേയും അവിടെനിന്ന് പോകുന്നതല്ലെന്ന് അവരോട് ഉറച്ച ശപഥവും വാങ്ങിയിരുന്നു. ഈ ഭയാനകമായ ഘട്ടത്തിൽ യഹൂദികളുടെ മൂന്നാമത്തെ ഗോത്രമായ ബനൂ ഖുറൈസ, മൂവായിരം മുസ്ലിങ്ങൾ നിസ്സഹായമായ അവസ്ഥയിൽ കഴിയുമ്പോൾ അതായത് മരണത്തെ മുഖാമുഖം കാണുന്ന അത്തരം ഘട്ടത്തിൽ കാഫിരീങ്ങളുടെ പത്തു പതിനയ്യായിരം വരുന്ന രക്തദാഹികളായ സൈന്യത്തോടൊപ്പം ചേർന്നു മുസ്ലിം സ്ത്രീകളെയും കുട്ടികളെയും തൊട്ടടുത്തിരുന്നു ആക്രമിക്കുകയാണ് ചെയ്തത്. ബനൂ ഖുറൈസയുടെ നടപടി കേവലമൊരു കരാർ ലംഘനവും വഞ്ചനയും മാത്രമായിരുന്നില്ല. മറിച്ച് അതൊരു ഭയാനകമായ കലാപം കൂടിയായിരുന്നു.

ഇങ്ങനെയുള്ള സന്ദർഭത്തിൽ അവർക്ക് നൽകപ്പെട്ട ശിക്ഷയല്ലാതെ മറ്റെന്താണ് അവർക്ക് നൽകാൻ കഴിയുക. പ്രത്യക്ഷത്തിൽ മൂന്ന് തരത്തിലുള്ള ശിക്ഷ അവർക്ക് നൽകപ്പെടാമായിരുന്നു. ഒന്ന്, മദീനയിൽ തന്നെ തടവിലാക്കുകയോ വീട്ടുതടങ്കലിലാക്കുകയോ ചെയ്യാം. രണ്ട്, നാടുകടത്താം. മൂന്ന്, യുദ്ധനിപുണരായ ആളുകളെ കൊല്ലുകയും മറ്റുള്ളവരെ തടങ്കലിലാക്കുകയോ വീട്ടുതടങ്കലിൽ വെക്കുകയോ ചെയ്യാം.

ആദ്യത്തെ ശിക്ഷയനുസരിച്ച് ഒരു ശത്രുസമൂഹത്തെ തങ്ങളുടെ രാജ്യത്തിനകത്തുതന്നെ ബന്ദികളാക്കി നിർത്തുന്നത് അക്കാലഘട്ടത്തിലെ അവസ്ഥക്ക് അനുസരിച്ച് തികച്ചും അസാധ്യമായ കാര്യമായിരുന്നു. കാരണം, കുഴപ്പങ്ങളും പ്രശ്നങ്ങളും ദ്രോഹങ്ങളും ഗൂഢാലോചനയും നടത്താൻ അവർക്ക് നേരത്തെ ഉണ്ടായിരുന്നതു പോലെത്തന്നെ സ്വാതന്ത്ര്യം കിട്ടുകയും അതേസമയം, അവരുടെ ചെലവുകളുടെ ഉത്തരവാദിത്തം മുസ്ലിങ്ങൾക്ക് നിർവഹിക്കേണ്ടി വരികയും ചെയ്യുമായിരുന്നു. അതേറ്റെടുക്കാൻ മുസ്ലിംകൾക്ക് കഴിയുമായിരുന്നില്ല.

രണ്ടാമത്തെ ശിക്ഷ നാടുകടത്തുക എന്നതാണ്. എന്നാൽ യഹൂദികൾക്ക് മദീനയിൽ നിന്ന് പുറത്തു പോകാൻ അനുമതി നൽകുന്നതു ഇസ്‌ലാം ശത്രുക്കളുടെ എണ്ണം വർധിപ്പിക്കുക മാത്രമേ ചെയ്യുകയുള്ളൂ. മാത്രമല്ല, വളരെ പ്രകോപനപരമായും ശത്രുത പരത്തുന്നതിനും ഗൂഢാലോചനയിലും എല്ലാം ഇസ്‌ലാം ശത്രുതയുടെ മൂപ്പന്മാരാകാൻ വ്യഗ്രത കാട്ടുന്നവരും അവരോടൊപ്പം ചേരുകയും ചെയ്യും. അവരോട് മുസ്‌ലിങ്ങൾ അക്കാലഘട്ടത്തിലെ അവസ്ഥയനുസരിച്ച് അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അത് ആത്മഹത്യയിൽ കുറവ് ആകുമായിരുന്നില്ല. ലോകത്തെ ഏതെങ്കിലും സമൂഹം ശത്രുക്കളെ നേരിടുന്നതിനുവേണ്ടി ആത്മഹത്യക്ക് തയ്യാറാകുമോ? അങ്ങനെ ഇല്ലെങ്കിൽ തീർച്ചയായും മുസ്‌ലിങ്ങളും ഈ കാരണം കൊണ്ടുതന്നെ ആക്ഷേപത്തിന് കുറിമാനമാകുന്നില്ല. ചുരുക്കത്തിൽ ഈ രണ്ട് ശിക്ഷകളും സാധ്യമല്ലായിരുന്നു. ഇതിൽ ഏത് മാർഗം സ്വീകരിക്കുകയാണെങ്കിലും അത് തീർച്ചയായും സ്വയം നാശത്തിൽ അകപ്പെടുന്നതിന് സമാനമായിരുന്നു. ഈ രണ്ട് ശിക്ഷകളെയും ഒഴിവാക്കി അന്ന് സ്വീകരിച്ച മാർഗം തന്നെയായിരുന്നു ഏറ്റവും കരണീയം.

ഈ കാരണം കൊണ്ടു തന്നെ മാർഗോലീസിനെപ്പോലെയുള്ള ചരിത്രകാരന്മാർ, അവർ ഇസ്‌ലാമിന്റെ ഗുണകാംക്ഷികളായിരുന്നില്ല, ഈ സാഹചര്യത്തിൽ സഅദിന്റെ തീരുമാനം നിർബന്ധിതാവസ്ഥയിലായിരുന്നുവെന്ന് അംഗീകരിക്കാൻ നിർബന്ധിതരാവുന്നുണ്ട്. അതല്ലാതെ മറ്റു മാർഗങ്ങളൊന്നും ഉണ്ടായിരുന്നില്ല.

തിരുനബി(സ) യഹൂദികളുമായി ഉണ്ടാക്കിയ ഉടമ്പടിയുടെ നിബന്ധനകളിലൊന്ന്, യഹൂദരെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും കാര്യത്തിൽ തീർപ്പ് കൽപ്പിക്കേണ്ടി വന്നാൽ പ്രസ്തുത തീരുമാനം അവരുടെ ശരീഅത്തനുസരിച്ച് ആയിരിക്കുമെന്നതായിരുന്നു. തൗറാത്ത് നോക്കുകയാണെങ്കിൽ അവിടെ ഇത്തരം കുറ്റത്തിനുള്ള ശിക്ഷ, അതായത് ബനൂ ഖുറൈസ ചെയ്ത കുറ്റത്തിന് നൽകപ്പെടുന്ന ശിക്ഷ സഅദ് ബിൻ മആദ്, ബനൂ ഖുറൈസക്ക് നൽകിയത് തന്നെയായിരുന്നു.

ചുരുക്കത്തിൽ, തീരുമാനമെടുത്തത് സഅദ് ബിൻ മആദ് ആയിരുന്നു. തിരുനബി(സ) അല്ലായിരുന്നു. തിരുനബി(സ) രാഷ്ട്രാധിപനെന്ന നിലയിൽ പ്രസ്തുത തീരുമാനം തന്റെ ഭരണകൂടത്തിന്റെ സംവിധാനത്തിന് കീഴിൽ നടപ്പാക്കുക മാത്രമാണ് ചെയ്തത്. നബി(സ) അത് നടപ്പാക്കിയ രീതിയിലും ഇക്കാലഘട്ടത്തിലെ സംസ്കാരസമ്പന്നരും കാരുണ്യവർത്തികളുമായ ഭരണകൂടങ്ങൾക്ക് പോലും ഉത്തമമാതൃകയും കാണപ്പെടുന്നുണ്ട്.

ഇതാണ് ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടി. ഇത്തരം ആക്ഷേപങ്ങൾ കാരണം അതിൽ ആകൃഷ്ടരായിക്കൊണ്ട് നമ്മുടെ ആളുകളും യുവാക്കളും എന്തുകൊണ്ടാണ് ബനൂ ഖുറൈസയെ വധിച്ചതെന്ന് ചോദ്യമുന്നയിക്കാറുണ്ട്. ഇതിനെ മാനദണ്ഡമാക്കിക്കൊണ്ട് ചില ചോദ്യകർത്താക്കൾ ഫലസ്തീനെതിരിലുള്ള നിലപാടുകളും ശരിയാണെന്ന് പറയുന്നു. വാസ്തവത്തിൽ അന്ന് ഉണ്ടായിരുന്ന അവസ്ഥകൾ വെച്ച് നോക്കുമ്പോൾ അതിന്റെ അവസ്ഥ തന്നെ ഒന്ന് വേറെയായിരുന്നു. അതിന് ഇന്നത്തെ അവസ്ഥകളിൽ ചെയ്യുന്ന പ്രതികരവുമായോ സ്ത്രീകളെയും കുട്ടികളെയും കൊന്നൊടുക്കുന്നതുമായോ യാതൊരു ബന്ധവുമില്ല.

ചുരുക്കത്തിൽ, ഈ എല്ലാ പ്രശ്നത്തിനും കാരണം മുസ്‌ലിങ്ങൾ തന്നെയാണ്. അവർ തങ്ങളുടെ സ്വാർത്ഥ താത്പര്യങ്ങൾക്കുവേണ്ടി ഇസ്‌ലാമിന്റെ പ്രൗഢിയെ ഇല്ലാതാക്കുന്നു. അല്ലാഹു അവർക്ക് ബുദ്ധി നൽകുമാറാകട്ടെ.

الحمد لله نحمده و نستعينه و نستغفره ونؤمن به و نتوكل
عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِى الْقُرْبٰى وَ يَنْهٰى
عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 01-11-2024
Malayalam Translation: **Moulavi H.Shamsuddin** Type Setting: **Tariq Alanallur**
For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516